
ഡിജിറ്റൽ ബീഡ്സ്
2020
ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ
നെടുമങ്ങാട്

# സ്വാഗതം




# ആമുഖം

ലോകം അനുനിമിഷം മാറിക്കൊണ്ടിരിക്കുകയാണ്. വിവരവിനിമയ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ , അസാധ്യമായി കരുതിയിരുന്ന പലതിനെയും സാധ്യമാക്കിയിരിക്കുന്നു . പുത്തൻ സാങ്കേതിക വിദ്യയുടെ ഫലമായി ക്ലാസ് മുറികൾ മൾട്ടിമീഡിയ സൗകര്യമുള്ള സ്മാർട്ട് ക്ലാസുകളായി അതിവേഗം പരിണമിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഈ മാറ്റത്തിനൊത്ത് സാങ്കേതിക വിദ്യയുടെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്തുന്നതിനും ഹൈടെക്ക് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും 'ലിറ്റിൽ കൈറ്റ്സ്' വഹിക്കുന്ന പങ്ക് ചെറുതല്ല . പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾ ആവശ്യമായ പോസ്റ്ററുകളും ചിത്രങ്ങളും സ്വയം നിർമ്മിക്കുന്നതിനും സ്പ്രെഡ്ഷീറ്റ് , പ്രസന്റേഷൻ , മലയാളം ടൈപ്പിംഗ് എന്നിവയിൽ പ്രാവീണ്യം നേടുന്നതിനും ലിറ്റിൽ കൈറ്റ്സിന് കഴിഞ്ഞു . ഈ അവസരത്തിൽ ഞങ്ങൾ തയ്യാറാക്കുന്ന 'ഡിജിറ്റൽ ബീഡ്സ് ' എന്ന മാഗസിൻ എല്ലാവർക്കും പ്രയോജനപ്രദമാകും എന്ന വിശ്വാസത്തോടെ ...

# ഉള്ളടക്കം


| | | |
|---|---|---|
| 1 | സന്ദേശം | 5-6 |
| 2 | ആശംസ | 7-8 |
| 3 | ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ | 9 |
| 4 | എഡിറ്റോറിയൽ ബോർഡ് | 10 |
| 5 | കുഞ്ഞാമിനയുടെ സങ്കടം | 11-14 |
| 6 | കാറ്റും മഴയും | 15 |
| 7 | ഗ്രാമം | 16-17 |
| 8 | എന്റെ യാത്ര | 18 |
| 9 | പ്രകൃതി | 19 |
| 10 | ജീവചരിത്രക്കുറിപ്പ് | 20-21 |
| 11 | കേരളഗാനം | 22 |
| 12 | Motivation points | 23 |
| 13 | IT QUIZ | 24 |
| 14 | Mathematics Quiz | 25 |
| 15 | World of Medicines | 26 |
| 16 | ഇന്ദ്രജാലം 1089 | 27 |
| 17 | സ്നേഹം | 28 |
| 18 | സൗഹൃദമൊട്ടുകൾ | 29 |
| 19 | Friendship | 30 |
| 20 | ബ്രെയിൽ വചനങ്ങൾ | 31 |
| 21 | പ്രളയാനന്തര കേരളം | 32-34 |
| 22 | മെസ്സേജ് | 35 |
| 23 | മീനയുടെ ഓർമ്മകൾ | 36 |
| 24 | ഓർമ്മയുടെ ജാലകം | 37-38 |
| 25 | അസ്തമിക്കുന്ന സൂര്യൻ | 39 |
| 26 | കുട്ടികളുടെ ചിത്രങ്ങൾ | 40 |

# <u>സന്ദേശം</u>



നെടുമങ്ങാട് ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ ***2019-2020*** അധ്യാനവർഷത്തിൽ 'ലിറ്റിൽ കൈറ്റ്സ്' ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ഹൈടെക്ക് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും അതുപയോഗിക്കാൻ മറ്റു കുട്ടികളെ പ്രാപ്തരാക്കുന്നവരുമായ ലിറ്റിൽ കൈറ്റ്സിന്റെ ഈ സംരഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

പ്രിൻസിപ്പാൾ

# സന്ദേശം



നെടുമങ്ങാട് ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ **2019-2020** അദ്ധ്യാന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന **'**ഡിജിറ്റൽ ബീഡ്സ്**'** എന്ന മാഗസിനു എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്

# ആശംസ




## ലിറ്റിൽ കൈറ്റ്സിന്റെ 2019-2020 വർഷത്തെ

ഡിജിറ്റൽ ബീഡ്സ്' എന്ന മാഗസിനു എല്ലാ വിധ ആശംസകളും നേരുന്നു.

വൈസ് ഹെഡ്മിസ്ട്രസ്

# ആശംസ



നെടുമങ്ങാട് ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ ***2019-2020*** അദ്ധ്യാന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന **'**ഡിജിറ്റൽ ബീഡ്സ്**'** എന്ന മാഗസിനു എല്ലാവിധ ആശംസകളും നേരുന്നു.

പി.റ്റി .എ . പ്രസിഡന്റ്

# ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ



# എഡിറ്റോറിയൽ ബോർഡ്



# കുഞ്ഞാമിനയുടെ സങ്കടം

മുൻ ബഞ്ചിൽ കിന്നാരം പറഞ്ഞുകൊണ്ട് ഒരു പൂത്തുമ്പിയെപ്പോലെ അവളിരിക്കും. ഇടയ്ക്ക് ചാടിയെണീറ്റ് എന്റെ ചോദ്യങ്ങൾക്കുത്തരം പറയും. പിന്നെ അവൾക്കൊരു കുലുങ്ങിച്ചിരിയുണ്ട്. അത് കാണാൻ നല്ല രസമാണ്. അതുകൊണ്ടാകണം മറ്റുകുട്ടികൾ അവളെ 'ചിരിക്കുടുക്ക' എന്ന വിളിച്ചതും ആ ചിരിക്കുടുക്കയാണ് രണ്ടാം ക്ലാസ്സിലെ ചിരിക്കുടുക്ക- 'കുഞ്ഞാമിന'. അവളുടെ തമാശയും പൊട്ടിച്ചിരിയും എന്നെയും സന്തോഷിപ്പിച്ചിരുന്നു. ഞാനതു പുറത്തു കാണിച്ചില്ലാന്നു മാത്രം. ബഹളം അസഹ്യമാകുമ്പോൾ ഞാനവളെ വിരട്ടുകയും ശകാരിക്കുകയും ചെയ്യും .

ഒരു ദിവസം ചിത്രത്തിൽ നിന്നും കഥയുണ്ടാക്കാനുള്ള പ്രവർത്തനം കൊടുത്തുകൊണ്ട് ഞാൻ ക്ലാസ്സ് തുടങ്ങി. ഞാനവളെ ഇടയ്ക്കു ശ്രദ്ധിച്ചു , വലിയ ബഹളമൊന്നുമില്ല. അവളുടെ മുഖത്ത് എന്തോ വിഷാദം ബാധിച്ചപോലെ. പ്രതികരണമൊന്നുമില്ല. കുട്ടികൾ ഉത്തരം വിളിച്ചുപറഞ്ഞു. ഞാനവളുടെ നേർക്ക് ചൂണ്ടി. ഉത്തരം കിട്ടാതെ വന്നപ്പോൾ ഞാൻ ദേഷ്യപ്പെട്ടു. 'ആമിനയ്ക്കുടി കിട്ടാത്തതിന്റെ കുറവുണ്ട്. ഇനി ഞാൻ വടി എടുക്കും'. ഘനീഭവിച്ച ദു:ഖം ഉള്ളിൽ സൂക്ഷിച്ചപോലെ പതിവില്ലാത്ത വിധം വിഷമത്തോടെ അലൾ എന്നെ നേക്കി.

'എന്താ ആമിനാ..... എന്തു പറ്റി ?"

'ഒന്നുല ടീച്ചർ...' എന്ന പറഞ്ഞ് അവൾ എന്റെ ചോദ്യം ശ്രദ്ധിക്കാത്ത മട്ടിൽ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. ഞാൻ വഴക്കുപറഞ്ഞതിനാലാകാം അവളെന്നോട് ഒന്നും പറഞ്ഞില്ല. രണ്ട് മൂന്ന് ദിവസങ്ങൾ അവളുടെ കുസൃതിയില്ലാത്ത ക്ലാസ്സുകൾ എന്നെ അലോസരപ്പെടുത്തി. തുടർന്നുള്ള രണ്ടു ദിവസങ്ങൾ അവളെ കണ്ടതേയില്ല. എനിക്ക് ആ ഗ്രാമപ്രദേശത്തെ സ്കൂളിൽ പോസ്റ്റിങ് ആയിട്ട് അധികദിവസങ്ങൾ ആയിരുന്നില്ല. കുട്ടികളെയൊക്കെ അറിഞ്ഞുവരുന്നേ ഉണ്ടായിരുന്നുള്ളൂ. ചുരുങ്ഹിയ ദിവസങ്ങൾക്കുള്ളിൽ ആമിന എന്റെയുള്ളിൽ കയറിപ്പറ്റിയിരുന്നു. അവൾക്കെന്തുപറ്റി! എപ്പോഴും ചിരിച്ചുകൊണ്ടിരുന്ന നുണക്കുഴിയുള്ള അവളുടെ കുസൃതികൾ കാണാത്തതിനാൽ എന്റെ ഉള്ളിലുണ്ടായിരുന്ന നീറ്റൽ പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു.

അന്ന് ആമിന വന്നെത്തിയ ദിവസം എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം വിളമ്പിക്കഴിഞ്ഞ് ഞാനവളുടെ അടുത്തെത്തി. അവളുടെ പാത്രത്തിലെ ചോറ് അനങ്ങിട്ടില്ല. 'എന്താ ഇത്, ആമിന, എന്താ കഴിക്കാത്തത്', ... നിക്ക വിശപ്പില്ല.....' എന്റെ ചോദ്യത്തിനവൾ മറുപടി പറഞ്ഞു. ഞാനൊന്നുമാലോചിച്ചില്ല. രണ്ടു മൂന്ന് ഉരുളകളായി ചോറ് ഉരുട്ടി വായിൽ വച്ച് കൊടുത്തു. ആദ്യം മടിച്ചെങ്കിലും പിന്നെ അവളതു കഴിച്ചു. അന്ന് ഞാൻ വേഗം ഭക്ഷണം കഴിച്ചു വന്ന് വീണ്ടും ക്ലാസ്സിൽ പോയി അവളെ അരികിലേക്കു വിളിച്ചു. മടിച്ചു മടിച്ചവൾ വന്നു.

'ന്റെ ആമിനക്കുട്ടിക്കെന്താ പറ്റ്യേ ?"

'അത്' വിക്കി വിക്കി അവൾ പറഞ്ഞു.

ന്റമ്മയ്ക്ക് സുഖോല്ല, ആശുത്രീലാ...'

'എന്താണസുഖം'?

'ഉമ്മ ... ഉമ്മ വാപ്പോടുള്ള ദേഷ്യത്തിന് എന്തോ വിഷഗുളിക തിന്നു. ഇപ്പൊ...' അവൾ പതിയെ പതിയെ എന്റെ ചോദ്യങ്ങൾക്കുത്തരം പറഞ്ഞു.

'വാപ്പ കുടിച്ചോണ്ട് വന്ന് ഉമ്മേ അടിച്ചു..... സഹികെട്ട് ഉമ്മ... ഞാൻ അറിഞ്ഞില്ല. ന്റമ്മ പാവാ... ടീച്ചർ...ഉമ്മ..ന്നെ വിളിച്ച് അടുത്തിരുത്തി ഒരീസം പറഞ്ഞു. ഉമ്മ പോവാ...മോള് നല്ല മിടുക്കിയായി പഠിച്ച് വളരണം. ചേട്ടനേം നോക്കണ ന്നൊക്കെ.....ന്നിട്ടാ ഉമ്മ ഇങ്ങനെ ചെയ്യെ...ഉമ്മയ്ക്കെന്നെ ഇഷ്ടമല്ല ടീച്ചർ. ഇല്ലേ ഉമ്മന്നെ ഇട്ടേച്ചു പോവ്വോ...' അവളുടെ കണ്ണിൽ നിന്നും കുടുകുടെ ഒഴുകുകയാണ്. ഞാൻ അവളുടെ കണ്ണു തുടച്ച് ആശ്വസിപ്പിച്ചു. 'ന്റെ കുട്ടി കരയല്ലേ... മോൾക്ക് ടീച്ചറില്ലേ... ഉമ്മയ്ക്ക് ഒന്നും പറ്റൂല്ല. ഞാൻ പ്രാർഥിക്കാം. മോളെ വിട്ട് ഉമ്മ എങ്ങും പോവില്ല. ഉടൻ മോളുടെയടുത്ത് വരും. അവൾ ഒരു പൂച്ചക്കുട്ടിയെപ്പോലെ എന്റെ സാരിത്തുമ്പിലൊളിച്ചു.

പിന്നെയുള്ള ക്ലാസ്സുകളിലൊക്കെ ഞാൻ തമാശ പറഞ്ഞ് ചിരിപ്പിക്കാനും പാട്ടുകൾ പാടിക്കാനും കഥകൾ പറയാനും അതിലൂടെ അഭിനയിപ്പിക്കാനുമൊക്കെ സമയം കണ്ടെത്തി. അമ്മക്കോഴി, കുഞ്ഞിക്കോഴിയെ കാണാതെ സങ്കടപ്പെട്ടപ്പോൾ കുഞ്ഞിക്കോഴി 'കൊക്കക്കോ....' എന്നു കരഞ്ഞുകൊണ്ടുവരുന്ന രംഗം ആമിനക്കുട്ടിയെക്കൊണ്ട് ചെയ്യിച്ചപ്പോൾ ക്ലാസ്സിൽ കൂട്ട കൈയടിയായിരുന്നു. ആമിനയ്ക്ക് സന്തോഷം വരുന്ന കാര്യങ്ങൾ അങ്ങനെ തുടർന്നുകൊണ്ടിരുന്നു. പക്ഷെ, രാവിലെ ആമിനയെത്തുമ്പോൾ അവളുടെ ഇരിപ്പ് പന്തിയല്ലാത്തപോലെ.

അന്നുച്ചയ്ക്കവൾ പറഞ്ഞു. ' ടീച്ചർ, ന്റുമ്മ ജീവിക്കില്ല.'വാപ്പോണ്ട്, മോളേ നോക്കും. ഉമ്മയ്ക്ക് പോവാൻ സമയമായി' എന്ന് അമ്മ ആശുപത്രിയിൽവച്ച് അവളോട് പറഞ്ഞത്രേ. ഞാനവളെ ആശ്വസിപ്പിച്ചു.

അന്ന് അവളറിയാതെ മറ്റധ്യാപകരോട് ചോദിച്ച് ഞാൻ ആശുപത്രിയിലെ വിവരം അന്വേഷിച്ചു. അവളുടെ അമ്മയ്ക്ക് അല്പം കുറവുണ്ടെന്നറിഞ്ഞു. രക്ഷപ്പെട്ടേയ്ക്കും. അവളുടെ അച്ഛനെ വരുത്തി വിവരം അന്വേഷിച്ചു. കുറേ കാര്യങ്ങൾ സംസാരിച്ചു. കുട്ടിയുടെ കുഞ്ഞുമനസ്സിലെ ചിന്തകൾ, വികാരങ്ങൾ പങ്കുവച്ചു. അവൾക്കൊരു ബുദ്ധിമുട്ടുമുണ്ടാകില്ലെന്ന് അദ്ദേഹം എനിക്ക് വാക്കുതന്നു.

പിറ്റേന്ന് ആമിനയുടെ പ്രകൃതിയിൽ അല്പം മാറ്റം കണ്ടു, ഒരു ചൊടി വന്നിട്ടുണ്ട്.

മോളേ.....ഇന്നെന്താ വിശേഷം?

'ടീച്ചർ, ന്റുമ്മവരും. ഞാനമ്മേടടുത്ത് കെട്ടിപ്പിടിച്ച് കിടന്നുറങ്ങും. വാപ്പ കൊണ്ടുവരാമെന്ന് പറഞ്ഞു.'അവളുടെ ഉള്ളിലെ പ്രതീക്ഷ ചിറകുവിടർത്തുന്നത് എന്നെ ഏറെ ആനന്ദിപ്പിച്ചു.

ദിവസങ്ങൾ പിന്നെയും വലിയ ഭാവഭേദങ്ങൾ വരുത്താതെ കടന്നുപോയി. ആമിനയെ പഴയ കുസൃതിക്കുടുക്കയായി എനിക്കു തിരിച്ചുകിട്ടുമോ!എന്റെ ക്ലാസ്സുകൾക്ക് ജീവൻ നൽകാൻ അവൾ വേണം.

അന്നൊരു ദിവസം രാവിലെ ക്ലാസ്സിലെത്തിയപ്പോൾ അവൾ ഓടിവന്നു സാരിത്തുമ്പിൽ വലിച്ചുകൊണ്ട് എന്നെ കെട്ടിപ്പിടിച്ച് മുത്തം തന്നു.

'ന്റുമ്മ തിരിച്ചുവന്നു ടീച്ചർ',ഉമ്മ നീക്ക് ചോറ് വാരി തന്നു. ഇനി ഒരിക്കലും ന്നേം ചേട്ടനേം വിട്ട് പോവില്ലാന്ന് പറഞ്ഞു.'വാപ്പേം എന്ക്കു വേണം. വാപ്പ ഇനി കുടിക്കില്ലാന്നും ഉമ്മേ അടിക്കില്ലാന്നും ഉമ്മയ്ക്ക് സത്യം ചെയ്തു കൊടുത്തു. ന്താന്നല്ലേ... ഉമ്മ പോയാ ഞാനും പോവുന്ന് പറഞ്ഞ് കരഞ്ഞു. അതോണ്ടാ... വാപ്പ ഇനി പാത്രങ്ങൾ വലിച്ചെറിയൂലാട്ടോ.....

ആമിനക്കുട്ടിയുടെ തിളങ്ങുന്ന മുഖം പ്രകാശിക്കുന്നത് ഞാനറിഞ്ഞു. വാപ്പയും ഉമ്മയും ഒന്നിക്കണമെന്നാഗ്രഹിച്ച ആ ഇളം മനസ്സിന്റെ സന്തോഷത്തെ തല്ലിക്കെടുത്താൻ ഏതീശ്വരനാണ് കഴിയുക.

അന്ന നല്ല അഭിനയം കാഴ്ചവച്ച് കഥ പറഞ്ഞ കുട്ടികൾക്ക് സമ്മാനം നൽകിയപ്പോൾ അവൾക്കും അഞ്ചുവിരലുകൾ ചുവട്ടിലുള്ള വലിയ പേന

സമ്മാനമായി കൊടുത്തു. അതും മാങ്ങി അവൾ തുള്ളിച്ചാടുന്നത് കണ്ട് ഞാനും കൈയടിച്ചു.

പിറ്റേന്ന അവൾ ഒരു പൊതിയുമായി എന്റടുത്തെത്തി.

'എന്താ ആമിനാ ഇത്'

'ഇത് ടീച്ചർക്ക്'... കിലുകിലാരവത്തോടെ പറഞ്ഞു. ഞാൻ തുറന്നുനോക്കി. കുറേ നാരങ്ങ മിഠായികൾ....

വാപ്പ വാങ്ങിത്തന്നതാ.... ടീച്ചർക്ക്..."

ഞാനറിയാതെ എന്റെ കണ്ണിൽ നിന്നും കണ്ണീർ ഊർന്നിറങ്ങയോ! എവിടെയൊക്കെയോ ഒരു സ്നേഹത്തിന്റെ പുഴ അലയടിക്കുന്നുവെന്ന് ഞാനറിഞ്ഞു. പ്രകൃതി അങ്ങനെയാണ്. നമ്മെയൊക്കെ ഏതു ദു:റത്തിന്ടയിലും ജീവിപ്പിക്കുന്നത് വീണുകിട്ടുന്ന ഈ സ്നേഹവും നന്മയുമല്ലേ.

അന്നത്തെ എന്റെ ആമിനക്കുട്ടി.....

കുലുങ്ങിച്ചിരിക്കുന്ന നുണക്കുഴിയുള്ള ആമിന ഇന്നെവിടെയാണാവോ...അറിയില്ല... പക്ഷെ കാലങ്ങലെത്ര കഴിഞ്ഞിട്ടും അവളൊരു മായാത്ത മുദ്രയായി ഇന്നും എന്റെ ഉള്ളിൽ വിളങ്ങുന്നു.

അനിത ഹരി

അധ്യാപിക

# കാറ്റും മഴയും



കാറ്റും മഴയുമൊരാഘോഷം
വീട്ടിലെനിക്കതു സന്തോഷം
അകലെക്കാഴ്ച്ചകൾ മറവായീ
പുകപോലെങ്ങും നീരാവി

കാറ്റടി വീട്ടിൽ കയറാതെ
കതകുമടച്ചു വലിയമ്മ
കാപ്പിതരാനുണ്ടന്നമ്മ
കഥപറയാനുണ്ടമ്മൂമ്മ.

"കഥ പറയാം ഞാൻ കുട്ടികളെ
അതിനിനി മൂളാനാരാരോ?"

മൂളാം ഞങ്ങളതിൽത്തന്നെ
മുഴുകിയുറങ്ങിപ്പോയാലോ
കതകിനുമുട്ടിച്ചെവി പാർക്കും
കാറ്റും മഴയും മൂളുലോ!

ശ്രീലക്ഷ്മി എസ്
9 D

# ഗ്രാമം

ഞാൻ പിറന്ന നാടെന്റെ ഗ്രാമം,
ആ ഗ്രാമത്തിലുണ്ടെന്റെ രാഗം,
ദൈവമാണ്,ഹരിതമാണ് എന്റെ ഗ്രാമം,
ഞാൻ വളർന്ന നാടെന്റെ ഗ്രാമം.

പാടത്തും തൊടിയിലും
ചേറിൽ കളിക്കുമ്പോൾ
അമ്മതൻ ചുടുസ്നേഹവുമായ്
കുഞ്ഞു നയനങ്ങളായ്
ഞാൻ മിഴി ചിമ്മുന്നു.

താമരക്കുളത്തിലെ പൊട്ടിച്ച
താമരമൊട്ടുകളാൽ പാദത്തും
കൈയിലും ചെളിയുമായി
കളിച്ചു രസിക്കാം.

ഞാൻ നട്ട മുല്ലപ്പൂവിൻ
മധുരം നൽകാൻ വെള്ളമേകാൻ
എൻ ചേച്ചി ധാരയായി
വന്നിടുന്നു.

വലുതായിക്കഴിയുമ്പോൾ മുല്ലപ്പൂവിൻ
ഗന്ധം വന്നിടുമോ,
ഈ ഗ്രാമമാണെന്റെ രാഗം
ഈ ഗ്രാമമാണെന്റെ ദൈവം.

വല്യതായുട്ടമ്പോൾ
അമ്മതൻ ചുടുചുംബനം
എന്ന് നൽകും.
ഗ്രാമമാണ് ഗ്രാമമാണ്.

മഴവന്നൊടിച്ചിട്ട മരങ്ങളെപ്പോലെ
ഞാൻ വല്യതായീടുമ്പോൾ ഞാൻ
കാണാതായുട്ടന്ന
എന്റെ പുനർജന്മമാണെന്റെ ഗ്രാമം.

കാലം മാറി കോലം മാറി
തോട്ടം പോയി
കതിരും പോയി
വലിയ ഫ്ലാറ്റായി കാറായി.

എന്നാലുമെന്റെ നാടാണ്
ഞാൻ പിറന്ന ലോകമാണ്
എന്റെ ഗ്രാമം,
എന്റെ ജന്മനാട്.



# എന്റെ യാത്ര

നമ്മുടെ സ്കൂളിൽനിന്ന് eco club മായി അനുബന്ധിച്ച് പേപ്പാറ മുതൽ പൊടിയൻകാലവരെ ഒരു പഠനയാത്ര പോയിരുന്നു. നല്ലൊരു യാത്രയായിരുന്നു അത്. നമ്മൾ സ്കൂൾ ബസിലാണ് പോയത്. പോയ വഴിക്ക് ഒരുപാട് രസകരമായ കാഴ്ച്ചകൾ കണ്ടു. മുകളിലേക്ക് നോക്കിയപ്പോൾ ഒരു വലിയ പാറ എന്നെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നതുപോലെ എനിക്ക് തോന്നി. അങ്ങനെ പേപ്പാറ എത്തിയപ്പോൾ രണ്ടുഭാഗത്തും കാടായിരുന്നു. ഞാൻ കാണാത്ത ഒരുപാട് വൃക്ഷങ്ങൾ അവിടെയുണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ നടന്നു. പേപ്പാറ മുതൽ പൊടിയൻകാലവരെ. ഞങ്ങൾ നടന്നു പകുതിയായപ്പോൾത്തന്നെ ക്ഷീണിച്ചു. ഞങ്ങളുടെ ക്ഷീണം മാറ്റാൻ ഒരു സാർ ഒരു ഉഗ്രൻ പാട്ടുപാടി. വീണ്ടും ഞങ്ങൾ നടക്കാൻ തുടങ്ങി. പോപ്പാറ ഡാം കണ്ടു. എന്നിട്ടൊരുപാട് നടക്കേണ്ടതുണ്ടായിരുന്നു.ഞങ്ങൾ വീണ്ടുമൊരു സ്ഥലത്തുപോയി.പൊടിയൻകാലയിൽ. അവിടെ ആദിവാസികളുണ്ട്. അവരുടെ കാവ് ഞങ്ങൾ കണ്ടു. അവിടെ ഒരു പാറയുടെ പുറത്തിരുന്നിട്ട് ഞങ്ങൾ വീണ്ടും നടന്നു. വയലിലൂടെയും കാട്ടിലൂടെയുമൊക്കെ നടന്ന് പൊടിയൻകാലയിലെത്തി. അവിടെ ഞങ്ങൾ ആദിവാസികളുടെ കുടിലിൽ എത്തി. അവിടുത്തെ മൂപ്പന്റെ അമ്മ ഒരു മനോഹരമായ പാട്ട് പാടിത്തന്നു. അങ്ങനെ കുറച്ചുനേരം അവരോട് ചിലവഴിച്ചു. ഉച്ചയൂണ് അവരോടൊപ്പമായിരുന്നു. ഊണ് കഴിഞ്ഞ് അവരുടെ കായലിൽ ഞങ്ങൾ പോയി. അതിനുശേഷം അതിൽ കാലുകഴുകി ഞങ്ങൾ പോന്നു. കിളികളുടെ മനോഹരമായ ശബ്ദങ്ങളും ഞാൻ കാണാത്ത പുഴക്കളുമൊക്കെ ആ കാട്ടിലുണ്ടായിരുന്നു. ജീവിതത്തിൽ എനിക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു യാത്രയാണിത്. എന്റെ ഏറ്റവും പ്രിയപ്പെട്ട പഠനയാത്ര.

**അർച്ചനകൃഷ്ണ എ. എസ്.**

9 D

# പ്രകൃതി

ദേവിക എസ് നായർ

8 H

അമ്മയെൻ പ്രകൃതി,യെൻ
ജേഷ്ഠനെൻ വികൃതി
അരുമയാം അനുജത്തിയേറെ
കുസൃതി.....

അമ്മയാണരുമയാണരോലാൾ...,
അതിരറ്റ സ്നേഹത്തിൻ
അളവറ്റവൾ.

അഭിലാഷഭാവത്തിൻ തേൻ കുറഞ്ഞി..,
ആരോമലുണ്ണിക്കാനന്ദധാര.
ആഷാഢമേഘത്തിൻ നവ്യധാര...,
ലാവണ്യസ്നേഹത്തിൻ ചാരുലത.

ആനന്ദഭൈരവീ രാഗശോഭ...,
ആത്മവിലാനന്ദ വർണ്ണകേതു.

അമ്മയും മക്കളും അങ്കണവും
ആ അറ്റത്ത് നിൽക്കണ തേന്മാവും
അങ്ങനെയത്രേ എൻ പ്രകൃതി.....



# ജീവചരിത്രക്കുറിപ്പ്

## ഇ.എം.എസ്. നമ്പൂതിരിപ്പാട്

## [1909-1998]

## ഏലംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാട്,

- രാഷ്ട്രതന്ത്രജ്ഞൻ
- കമ്യൂണിസ്റ്റ്–സോഷ്യലിസ്റ്റ് പാർട്ടി ദേശീയ സെക്രട്ടറി
- കേരളത്തിലെ ആദ്യ മന്ത്രിസഭയിൽ മുഖ്യമന്ത്രി
- ലോകത്തിലാദ്യമായി ബാലറ്റുപെട്ടിയിലൂടെ അധികാരത്തിലേറിയ കമ്യൂണിസ്റ്റ് നേതാവ്
- ആഗോള പ്രശസ്തനായ മലയാളി

ദേവിക എസ് നായർ

8 H

# ജീവചരിത്രക്കുറിപ്പ്

## ജോനാഥൻ സ്വിഫ്റ്റ് [1667-1745]

തന്റെ കാലഘട്ടത്തിലെ ഏറ്റവും വലിയ ജീനിയസ് എന്നാണ് ജോനാഥൻ സ്വിഫ്റ്റ് അറിയപ്പെടുന്നത്. ഇംഗ്ലീഷ് സാഹിത്യകാരൻ, നോവലിസ്റ്റ് , രാഷ്ട്രീയ ലേഖകൻ എന്നീ നിലകളിൽ ശ്രദ്ധേയനായിരുന്നു. ഇദ്ദേഹം അയർലണ്ടിലാണ് ജനിച്ചത് . ഡബ്ലിനിൽ പഠിച്ചു. ഏറെക്കാലം ലണ്ടനിൽ കഴിച്ചുകൂട്ടി. ഹാസ്യാത്മക രീതിയിൽ സമൂഹത്തിലെ കാപട്യങ്ങളെ വിമർശിക്കുവാൻ അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ കൃതികളധികവും ഹാസ്യാത്മകത തുളുമ്പുന്നവയാണ്. "ഗളിവറുടെ യാത്രകൾ " [1726] ആണ് സ്വിഫ്റ്റിന്റെ പ്രശസ്തമായ കൃതി. "പുസ്തകങ്ങളുടെ യുദ്ധം" [1704], ദി ടെയിൽ ഓഫ് എ ടബ്ബ് [1704] എന്നിവയാണ് മുഖ്യ കൃതികൾ.

**ദേവിക എസ് നായർ**

**8 H**

# കേരള ഗാനം



ജയ ജയ കോമള കേരളധരണീ

ജയ ജയ മാമക പൂജിത ജനനീ,

മലയജസുരഭില മാരുതനേൽക്കും

മലയാളം ഹാ! മാമകരാജ്യം!

കല്പകതരുനികരങ്ങൾ നിരക്കും

കളകള മോതിയിണങ്ങിവരുന്നൊരു

സലിലസമൃദ്ധം മാമകരാജ്യം

തുഞ്ചശ്രുകീകളകണ്ഠനിനാദം

തഞ്ചും മാമക മലയാളത്തിൽ

മാമകമോഹം മാമകഗേഹം

മാമകനാകം മാമകവിലയം!

[കേരളഗാനം] –ബോധേശ്വരൻ

നന്ദന സജു

9 D

# *MOTIVATION POINTS*

- "Dream is not the thing you see in sleep, But is that thing that does not let you sleep".
- "The future depends on what you do today".
- "Success is the sum of small efforts".
- "Everyone not get an equal TALENT . But Everyone gets a chance to perform their TALENT".
- "Past is waste paper. Present is a news paper. Future is a question paper. So read and write carefully. Otherwise life will be a tissue paper.
- "Nothing is impossible".

Amina S S

9 D

# IT QUIZ

1) ***WHICH ONE IS THE FIRST SEARCH ENGINE IN INTERNET?***

***ARCHIE***

2) ***WHICH ONE IS THE FIRST WEB BROWSER INVENTED IN 1990?***

***NEXUS***

3) ***WHO INVENTED COMPACT DISC?***

***JAMES T RUSSEL***

4) ***WHICH DAY IS CELEBRATED AS WORLD COMPUTER LITERACY DAY?***

***DECEMBER 2***

5) ***WHO INVENTED JAVA?***

***JAMES A GOSLING***

6) ***‘DO NO EVIL’ IS THE TAG LINE OF?***

***GOOGLE***

7) ***IN WHICH YEAR MICROSOFT OFFICE WAS LAUNCHED?***

***1989***

***ANAKHA B S***

***9 D***

# MATHEMATICS QUIZ

1. Who is the first woman mathematician of the world?

   Hypatia

2. Who  invented logarithms?

   Naphier J

3. Who first used i for root of -1?

   Euler L

4. Who wrote the book 'A Mathematician's Apology'?

   Hardy G H

5. Who wrote the book 'History of Hindu Mathematics'?

   Datta B

6. In which branch of mathematics is 1+1=1?

   Boolean Algebra

7. Who was the first to give the familiar equation $x^y = y^x$? For what values of **x** and **y [x=y]** is the equation valied?

   Euler L

   **x=2,y=4 OR x=4,y=2**

8. What is the other name for anchor ring?

   Yorus

9. What is the year of birth of Srinivasa Ramanujan in Roman Numeral?

   MDCCCLXXXVII [=1887]

10. On what date Gregorian Calender was introduced?

    15 October 1582

AMINA SALAM N

9 D

# WORLD OF MEDICINE

In our precautious world, nobody is safe from the grip of diseases-whether it be a simple fly, or a strange, unexplained epidemic. Still, we are very fortunate that modern medicine can cure numerous diseases which were once considered incurable.

There used to be a time when to “fall ill” meant to “fall dead!”. Diseases of various kinds attacked early man from all sides and he was often helpless against them. But, man did not give up. To stay healthy and alive, he gradually found ways to prevent and fight diseases. The story of medicine is one that dates back to thousands of years, and it involves the effort, wisdom and scientific knowledge of countless great minds.

If we look at our history of medicine it would tell us how man gained valuable insights into his own body and tells the important Medical discoveries and inventions of the world that have revolutionized modern living and saved millions of precious lives.




NAJIYA M R

9 E

# ഇന്ദ്രജാലം 1089

സംഖ്യകളുടെ മാജിക് ലോകത്തെ നമുക്കൊന്ന് സ്പർശിക്കാം. ആദ്യം ആരും കാണാതെ 1089 എന്ന നമ്മുടെ ഇന്ദ്രജാല സംഖ്യ ഒരു ചെറിയ പേപ്പറിൽ എഴുതി ഒരു സുഹൃത്തിനെ ഏൽപ്പിക്കുക. പറയുന്നതുവരെ തുറന്നുനോക്കരുതെന്നും ആവശ്യപ്പെടുക.

അടുത്തതായി മറ്റൊരു സുഹൃത്തിനോട് ഏതെങ്കിലും ഒരു 3 അക്ക സംഖ്യ ഒരു പേപ്പറിൽ എഴുതാൻ പറയുക. ഒരു നിബന്ധനവയ്ക്കാം, എഴുതുന്ന സംഖ്യയുടെ ആദ്യത്തെ അക്കവും മൂന്നാമത്തെ അക്കവും വ്യത്യസ്തമായിരിക്കണം.

ഉദാഹരണം : 634 ആണെന്നിരിക്കട്ടെ അത് തിരിച്ചെഴുതി വലിയസംഖ്യയിൽനിന്ന് ചെറിയസംഖ്യ കുറയ്ക്കാൻ പറയുക. 634 തിരിച്ചെഴുതിയാൽ 436. വല്യ സംഖ്യയിൽനിന്ന് ചെറുത് കുറച്ചാൽ 198 എന്നു കിട്ടും. എന്നിട്ട് ഈ സംഖ്യയെ തിരിച്ചിടാൻ പറയുക. അപ്പോൾ 891 എന്ന് കിട്ടും. ഇനി തിരിച്ചിട്ട സംഖ്യയും പുതിയ സംഖ്യയും തമ്മിൽ കൂട്ടാൻ പരയുക. അപ്പോൾ 1089 എന്നു കിട്ടും. ഇതുപോലെ ഏത് 3 അക്ക സംഖ്യ ത്രഞ്ഞെടുത്താലും ഉത്തരം 1089 തന്നെയായിരിക്കും. പക്ഷെആദ്യം പറഞ്ഞ നിബന്ധന മരക്കരുത് എന്ന് വീണ്ടും ഓർമിപ്പിക്കാം.

അഭിജ എസ്

9 E

# സ്നേഹം

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ സീത എന്ന് പേരുള്ള ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവൾ പാട്ട് പാടാൻ മിടുക്കിയായിരുന്നു. സീതയ്ക്ക് നാട്ടുകാരോടും,നാട്ടുകാർക്ക് സീതയോടും വലിയ ഇഷ്ടമായിരുന്നു. ഒരിക്കൽ ഗ്രാമത്തിലെ ഒരു മുത്തശ്ശിക്ക് സീതയുടെ പാട്ട് കേൾക്കണം എന്ന ആഗ്രഹം പ്രകടിപ്പിച്ചു. പക്ഷെ



സീതയുടെ മാതാപിതാക്കൾക്ക് ഇത് അത്ര രസിച്ചില്ല. എന്നാൽ എല്ലാപേരെയും സ്നേഹിക്കുന്ന സീതയ്ക്ക് അത് നിരസിക്കാൻ തോന്നിയില്ല. അവൾ തന്റെ മാതാപിതാക്കളെ നിർബന്ധിച്ചു. ഒടുവിൽ അവർ സമ്മതിച്ചു. അങ്ങനെ സീത മുത്തശ്ശിക്ക് പാട്ട് പാടിക്കൊടുത്തു. ആരാത്രി വളരെ വൈകിയാമ് മുത്തശ്ശി ഉറങ്ങിയത്. പക്ഷെ പിറ്റേന്ന രാവിലെ മുത്തശ്ശി ഉണർന്നില്ല. മുത്തശ്ശിയുടെ മരണം സീതയെ ദുഖിപ്പിച്ചെങ്കിലും, തന്നാൽ കഴിയുന്നത് ചെയ്യാൻ സാധിച്ചു എന്നതിൽ സീത ആശ്വസിച്ചു.

**ആര്യ ഡി**

**9 E**

# സൗഹൃദമൊട്ടുകൾ

ശിവപ്രിയ എം ബി
9 E

ജീവിതത്തിൻ താളുകളിൽ

നിലയ്ക്കാത്ത താളമായ്

മനസ്സിന്റെ മണിച്ചെപ്പിൽ

കാത്തുസൂക്ഷിക്കും സുന്ദര

നിമിഷംപോൽ കാലത്തിൻ

മുന്നിൽ തലകുനിക്കാത്ത സൗഹൃദം

ഓരോ താളും ഓരോ ഇതളും

ഓരോ ബന്ധവും പൊഴിയുമ്പോൾ

അണയാത്ത ദീപമായ് ഉദിച്ചുയരുന്ന

മന്ത്രസംഗീതമാണ് സൗഹൃദം

ലോകം എന്നു പൊഴിയും

അന്നും പൊഴിയാത്ത പുഷ്പം പോൽ

മണ്ണിലുദിക്കും മുത്തായി



തിളങ്ങും സൗഹൃദം

സ്നേഹത്തിൻ ഓർമ്മകൾ

മഞ്ഞുതുള്ളിയായ് പൊഴിയുമ്പോൾ

എന്നും ഓർമ്മിക്കാനായ് ഒരു

പൂന്തോട്ടമായ് സൗഹൃദം

വിണ്ണിലെ താരകൾ പൂമഴയായ്

പൊഴിയുന്ന താഴ്വാരമാകുന്ന

എൻ മനസ്സിൽ എന്നും

ഓർമ്മിക്കാനായി ഒരു സുന്ദര സൗഹൃദം

# F R I E N D S H I P

**Friends are for sharing joy**

**Friends are for sharing sorrows**

**Friends are for sharing our thoughts**

**Friends are for sharing our dreams**

**Friends are for sharing success**

**Friends are for sharing funny moments**

**Friends are for sharing our feelings**

**Friends are for sharing secrets**

**Friends are for sharing our little space in life**

**Friends are for sharing failure**

**Friends are for sharing a part of our being.**



**Bhagya Raj U R**

**9 E**

# ബ്രെയിൽ വചനങ്ങൾ

- "കാഴ്ച്ചയില്ലാതെ ജീവിക്കുക; നമ്മൾ നമ്മളായിത്തന്നെ!"
- "ബ്രെയിൽ അറിവാണ്,അറിവ് ശക്തിയാണ്."
- "നമുക്ക് സഹതാപം ആവശ്യമില്ല;നമ്മൾ ദുർബലരുമല്ല.നമ്മൾ തുല്യരായി പരിഗണിക്കപ്പെടേണ്ടവരാണ്.ആശയ വിനിമയമാണ് അതിനുള്ള മികച്ച ഉപാധി."
- "അശയവിനിമയം സാധിക്കുക എന്നാൽ വിശാലാർഥത്തിൽ അറിവിലേക്കെത്തുക എന്നതുതന്നെയാണ്. അതാണ് നമ്മളെ സംബന്ധിച്ച് സുപ്രധാനമായകാര്യം."
- "ഉയർന്ന കുത്തുകൾ ഉപയോഗിച്ചുള്ള എഴുത്തുരീതിയുടെ സൃഷ്ടാവാണ് ലൂയി ബ്രെയിൽ.അത് അന്ധരെ സാക്ഷരതയിലേക്കും സ്വാതന്ത്ര്യത്തിലേക്കും സൃഷ്ടിപരതയിലേക്കും നയിച്ചു."

ആർച്ച എം ബിജു

9 E

# പ്രളയാനന്തര കേരളം

1956 നവംബർ 1 ന് രൂപീകൃതമായ വളരെ മനോഹരവും സംസ്കാരികതയും ഭൂപ്രകൃതിയും എല്ലാം ഒത്തുചേർന്ന ഒരു സംസ്ഥാനമായിരുന്നു നമ്മുടെ കേരളം. വർഷങ്ങളായി ചരിത്രത്തിൽ സ്ഥിരമായി ആവർത്തിട്ട് വരുന്ന കേരളത്തിന്റെ പ്രത്യേകതകളും കേരളത്തിലെ ഓരോ മനുഷ്യരുടെസ്വഭാവവും മാറ്റിമറിച്ചത് 2018,2019 ഓണക്കാലങ്ങളിൽ കേരളം നേരിട്ട പ്രളയത്തിലൂടെയാണ്.



പകരംവയ്ക്കുമാൻ കഴിയാത്ത ഗുണങ്ങളും അതിനോടൊപ്പം അതേ രീതിയിൽ തന്നെ ദോഷങ്ങളും സമ്മാനിച്ച്കൊണ്ടാണ് കേരളത്തിലെ മണ്ണിൽ നിന്ന് അവസാനത്തെ ജലത്തുള്ളിയും വായുവിലേക്ക് നീരാവിയായത്.

ആദ്യം തന്നെ പ്രളയത്തിലൂടെ കേരളീയർ കൈവരിച്ച നേട്ടങ്ങളെന്താണെന്ന് പറയാം.

1. തീർച്ചയായും കേരളീയർ വളരെയധികം അഹങ്കാരത്തോടെയാണ് 2018 ന് മുമ്പ് വരെയും ജീവിച്ചിരുന്നത്. നമ്മുടെ സംസ്ഥാനത്തെ സുനാമിയും പ്രളയവുമൊന്നും ഏൽക്കുകയില്ല എന്ന ചിന്ത അവരിൽ ഉണ്ടായിരുന്നു. എന്നാൽ ഈ ചിന്ത ശമിപ്പിക്കാനും അഹങ്കാരത്തെ കുറയ്ക്കാനും പ്രളയജലത്തിന് സാധിച്ചു.

2.മനക്കരുത്ത് കൂടുകയുണ്ടായി. എന്ത് കഠിനമായ പ്രതിസന്ധി കേരളീയരുടെ ജീവിതത്തിൽ ഇനി വന്നാലും അതിനെ എങ്ങനെ നേരിടണമെന്ന് പ്രളയത്തിലൂടെ ജനങ്ങൾ പഠിച്ചു.

3.കേരളീയർ പ്രളയത്തിലൂടെ പ്രകൃതിയെ ദ്രോഹിച്ചാലുണ്ടാകുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുകയും പ്രകൃതി ദ്രോഹങ്ങൾ കുറക്കുകയും ചെയ്തു.

4.ദാനം നകുവാനും ജനങ്ങളെ സഹായിക്കുവാനും സ്കൂൾ കുട്ടികളും ജനങ്ങളും മനസ്സിലാക്കി. മാത്രമല്ല പരസ്പരം ഒത്തൊരുമ ഉണ്ടാകുകയും ചെയ്തു.

ഇനി അടുത്തതായി ജനങ്ങൾ നേരിടേണ്ടി വന്ന പ്രശ്നങ്ങളെ സംബന്ധിച്ച് നമുക്ക് നോക്കാം.

- ലക്ഷക്കണക്കിന് ജനങ്ങൾക്ക് അവരുടെ വീടുകൾ നഷ്ടപ്പെട്ടു.
- കോടിക്കണക്കിന് വിദ്യാർഥികൾക്ക് അവരുടെ പുസ്തകങ്ങളും ണറ്റ് പഠനവസ്തുക്കളും നഷ്ടപ്പെട്ടു.
- കുട്ടികൾക്ക് മാതാപിതാക്കളെയും മാതാപ്പിതാക്കൾക്ക് കുട്ടികളെയും ബന്ധുക്കളെയും സുഹൃത്തുക്കളെയും നഷ്ടമായി.
- വളരെയധികം കഷ്ടപ്പാടുകൾ ക്യാമ്പുകളിലും മറ്റും അനുഭവിക്കേണ്ടി വന്നു.
- ഒരുപാട് ജനങ്ങൾക്ക് തൊഴിൽ നഷ്ടമായി.

കേരളത്തിന്റെ ഭൂപ്രകൃതിയും മറ്റും നേരിട്ട പ്രശ്നങ്ങളിലേക്ക് നമുക്ക് ഒന്ന് കണ്ണോടിക്കാം.

1.കേരളത്തിലെ ജനസംഖ്യകുറഞ്ഞു.

- 2.വളരെ മനോഹരമായ ഭൂപ്രകൃതിയായിരുന്നു കേരളത്തിന്റേത്. കാടും മലയും കുന്നും പുഴയുമെല്ലാം കേരളത്തിന്റ സൗന്ദര്യപ്രതീതിയായിരുന്നു. എന്നാൽ പ്രളയത്തിനോടുകൂടിയുണ്ടായ ഉരുൾപ്പൊട്ടലിൽ അതല്ലാം നഷ്ടപ്പെട്ടു.

  3.കേരളത്തിലെ തീരപ്രദേശങ്ങളിലെ ജലനിരപ്പ് ഉയരുകയും അത് കാരണമായി കര കുറയുകയും ചെയ്തു.

  4.കേരളത്തിന്റെ സമ്പത് വ്യസ്ഥ ഇടിയുകയുണ്ടായി.

  5.ഒരുപാട് മരങ്ങളും ചെടികളും കേരളത്തിന് നഷ്ടപ്പെട്ടു.

അടുത്തതായി പ്രളയത്തിലൂടെ കേരളത്തിന് ഉണ്ടായ ഗുണങ്ങൾ.

- പ്രളയജലം കുട്ടിക്കൊണ്ടുവന്ന പല സ്ഥലങ്ങളിൽ നിന്നുള്ള കൃഷിക്കനുയോജ്യമായ മണ്ണ് കേരളത്തിന്റെ ഫലഭൂയിഷ്ടി വദ്ധിപ്പിച്ചു.
- കേരളത്തിന്റെ ഉഷ്ണ കാലാവസ്ഥയെ മറികടക്കാൻ വളരെയധികം സഹായിച്ചു.

പ്രളയത്തിൽ ജനങ്ങളുടെ പങ്ക് നമുക്ക് ചർച്ചചെയ്യാതിരിക്കാനാവില്ല. വളരെയധികം സഹായിച്ചത് യുവാക്കളാണ്. കോരളീയർ അന്ന് പ്രതീക്ഷിക്കാത്ത നിരവധി സംഭാവനകളാണ് യുവാക്കളിൽനിന്ന് ലഭിച്ചത്.

എന്തായാലും കോരളത്തിന് പ്രളയത്തിന് ശേഷം എല്ലാ മേഘലകളിലും വളരെയധികം മാറ്റം സംഭവിച്ചിരിക്കുന്നു. ഇതൊക്കെയാണ് പ്രളയാനന്തര കേരളത്തിന്റെ മാറ്റങ്ങൾ.

നിഹാല ഫാത്തിമ എൻ

**9 H**

# മെസ്സേജ്

"എത്ര മെസ്സേജുകളാണ് മെയിൽ ബോക്സിൽ വന്നു കിടക്കുന്നത്." .....മേശപ്പുറത്തിരിക്കുന്ന ചരിത്രപുസ്തകത്തെ നോക്കി

മൊബൈൽ ഫോൺ അഹങ്കാരത്തോടെ പറഞ്ഞു.

"ഹേയ് സുഹൃത്തേ. നിന്നെയാരും തിരിഞ്ഞുപോലും നോക്കുന്നില്ലല്ലോ". മൊബൈൽ ഫോണിന്റെ കുത്തുവാക്ക് കേട്ട് ചരിത്രപുസ്തകം തല താഴ്ത്തിപ്പിടിച്ചു. ആധുനിക സാങ്കേതിക വിദ്യകൾ കാരണം എന്നെ മറന്നത് എന്റെ കുറ്റമാണോ?" പുസ്തകം ദയനീയസ്വരത്തിൽ മൊബൈലിനോട് പറഞ്ഞു. "ന്നെ കൊണ്ട് ആർക്കും ഒരു ഉപയോഗവുമില്ല. നിന്റെ താളുകൾ ചിതലുകൾക്ക് ആഹാരമാകുന്നത് മിച്ചം". മൊബൈൽ ഫോണിന്റെ വാക്കുകൾ ചരിത്രപുസ്തകത്തിന്റെ മനസ്സിൽ കൊണ്ട ഒരു സൂചിയായി. പുസ്തകം ദയനീയ സ്വരത്തിൽ മന്ത്രിച്ചു:

"ഹേ സുഹൃത്തേ മഹാത്മാഗാന്ധിജിയു ശ്രീനാരായണഗുരുവിന്റേയും വലിയ മെസ്സേജുകളാണ് എന്റെ താളുകളിൽ.

അതിലും വലിയ എന്ത് മെസ്സേജാണ് നിന്നിലുള്ളത്."

പുസ്തകത്തിന്റെ മറുപടി കേട്ടതും അഹങ്കാരത്തിന്റെ പത്തി മൊബൈൽഫോൺ പതുക്കെ ഒന്ന് താഴ്ത്തി. പുസ്തകം ഒന്നും മിണ്ടാതെ തന്റെ സ്വാതന്ത്ര്യതയിലേക്ക് മാറി. വിണ്ടും മെയിൽബോക്സ് മെസ്സേജുകളെ വരവേറ്റുകൊണ്ടേയിരുന്നു......

ഗൗരി എസ് എ

8 I

# മീനയുടെ ഓർമ്മകൾ

മീന വീടിന്റെ വാതിൽ തുറന്നു. പുറത്തേയ്ക്ക് നോക്കി. ചറപറാന്ന് കോരിച്ചൊരിയുന്ന മഴ. അവൾ മഴയെ നോക്കി നിന്നു. എന്തൊക്കെയോ മനസ്സിൽ തിരയടിക്കുന്നു. കുറച്ചുനേരത്തേയ്ക്ക് അവൾ ഓർമ്മയിൽ മുഴുകി. ഇതുപോലൊരു മഴക്കാലം തന്റെ അനുജൻ അപ്പുവിനോടോപ്പം കളിച്ചതും അമ്മ വഴക്കുപറഞ്ഞതും അങ്ങനെ അങ്ങനെ. പുറത്ത് ചാറ്റൽ മഴ പെയ്യുന്നത്പോലെ അവളുടെ മനസ്സിൽ ഓർമ്മയുടെ ജാലകം പതിയെ തുറന്നു. പക്ഷെ ഇപ്പോൾ മീന തനിച്ചാണ്. അവളുടെ കൂടെ അനുജനോ വീട്ടുകാരോ ഇല്ല. അതോർത്തപ്പോൾ അവളുടെ കണ്ണിൽനിന്നും കണ്ണീർക്കണങ്ങൾ മുത്തുപോലെ പൊഴിഞ്ഞു. ആ കണ്ണുനീർ അവൾ മെല്ലെ തുടച്ചുകളഞ്ഞു. അപ്പുവിനിപ്പോൾ ഏഴ് വയസ്സ് തികഞ്ഞുകാണും. അവന് നാലുവയസ്സുള്ളപ്പോഴാണ് മീന വീട്ടുജോലിക്കായി ഇവിടെ വന്നത്. അവരെ ഒന്നു കാണാൻ കഴിഞ്ഞെങ്കിൽ. അവൾ ഏങ്ങലോടെ പടിക്കൽനിന്നു. എന്തോ! ആ ഓർമ്മകൾ മനസ്സിൽ നിന്നും മായുന്നില്ല. മീനാ.... വീട്ടമ്മ വിളിച്ചു. അവൾ പെട്ടെന്ന് ഓർമ്മകളിൽ നിന്ന് ഞെട്ടിയുണർന്നു. 'ഒരുപാട് ജോലിയുള്ളതാ പെട്ടെന്ന് വന്നേ'. മനസ്സില്ലാമനസ്സോടെ അവൾ ഓർമ്മകൾ

ബാക്കിയാക്കി പടിക്കലിൽ നിന്നും അടുക്കളയിലേക്ക് പോയി.

# ഓമ്മയുടെ ജാലകം

തന്റെ മിഴികളിൽ നിന്ന് അടർന്ന് വീണ കണ്ണീർക്കണങ്ങൾ അവൾ പതിയെ തുടച്ച് മാറ്റി. ചാറ്റൽ മഴ പോലെ അവളുടെ ഉള്ളിൽ ആ ഓർമ്മകളുടെ ജാലകം തുറന്നു. തന്റെ അമ്മയുടെ മരണവും അച്ഛന്റെ അമിത മദ്യപാനവും വീട്ടിലെ പട്ടിണിയും അവളുടെ മനസ്സിൽ ഓടിനടന്നു. അവൾക്ക് തന്റെ വീട്ടിൽ നിൽക്കാൻ മനസ്സുവന്നില്ല. അവൾ നാട്ടുവിട്ടുപോകാൻ തീരുമാനിച്ചു. ഒരു കനത്ത മഴയുള്ള ദിവസമായിരുന്നു. തന്റെ പക്കലുല്ള പണവും വസ്തുവുമായി അവൾ അന്യനാട്ടിൽ പോയി. അവൾക്ക് അപരിചിതരായ ആളുകൾ,സ്ഥലം എല്ലാംകൊണ്ട് അവൾ അസ്വസ്ഥയായി. അവൾ ഒരു കടയുടെ മുൻവശത്ത് പൊട്ടിക്കരഞ്ഞുകൊണ്ട് ഇരുന്നു. ഒരു മാന്യ മനുഷ്യൻ അവളെ ശ്രദ്ധിച്ചു. എന്തിനാ നീ കരയുന്നത്? അയാൾ ചോദിച്ചു. അവൾ ഒന്നും മിണ്ടിയില്ല. നിന്റെ മാതാപിതാക്കൾ എവിടെ? അയാൾ വീണ്ടും ചോദിച്ചു. പക്ഷെ മറുപടിയൊന്നും ഉണ്ടായിരുന്നില്ല. അപ്പോൾ അയാളുടെ ഭാര്യ വന്നു. ആ സ്ത്രീയെ കണ്ടപ്പോൾ അവൾക്ക് അവളുടെ അമ്മയെ ഓർമ്മവന്നു. ആ സ്ത്രീ അവളുടെ അടുത്ത് ചെന്നു. അവളെ കുറിച്ച് തിരക്കി. അവൾ കരഞ്ഞുകൊണ്ട് എല്ലാം പറഞ്ഞു. ഇരുവരുടെയും കണ്ണുകൾ നിറഞ്ഞു. അവർ പറഞ്ഞു. ഞങ്ങളുടെ കൂടെ വരുന്നോ? ഞങ്ങൾക്ക്കുഞ്ഞുങ്ങളില്ല. നിന്നെ ഞങ്ങൾ സ്വന്തം മകളെപ്പോലെ വളർത്താം. അവൾ നല്ല ഐശ്വര്യമുള്ള കുട്ടിയാണ്. അതുകൊണ്ട് അവർ അവളെവീട്ടിൽ കൊണ്ടുപോയി. അവളുടെ പേര് അനാമിക എന്നായിരുന്നു. അവൾക്ക് ആ വീട്ടിൽ എത്തിയപ്പോൾ സന്തോഷം തോന്നി. പിറ്റേ ദിവസം അവർ നോക്കിയപ്പോൾ അനാമികയെ കാണ്മാനില്ല. അവർ തിരിഞ്ഞുനോക്കിയപ്പോൾ മുറ്റം അടിച്ചുവാരുന്ന അനാമികയെയാണ് കാണുന്നത്. അവൾ അധ്വാനിക്കുന്ന കുട്ടിയാണെന്ന് അവർക്ക് മനസ്സിലായി. ഉന്നതവിദ്യാഭ്യാസം നൽകാൻ തീരുമാനിച്ചു. അപ്പോളാണ് പത്രത്തിൽ

**തന്റെ അച്ഛൻ ബൈക്കപകടത്തിൽ മരണപ്പെട്ടെന്ന് അറിയുന്നത്. പക്ഷെ അവൾക്ക് സങ്കടം വന്നില്ല. കാരണം സ്വന്തം മകളെ നോക്കാതെ മദ്യപിച്ചുനടന്ന അവളുടെ അച്ഛനോട് അവൾക്ക് ദേഷ്യം തോന്നി. അവൾ സ്കൂളിൽ ചേർന്നു. നന്നായി പഠിച്ചു. അവൾ ഒരു അധ്യാപികയായി മാറി. തന്റെ ആത്മകഥ അവളൊരു പുസ്തകമാക്കി മാറ്റി. തന്റെ വളർത്തച്ഛനേയും വളർത്തമ്മയേയും അവൾ പരിപാലിച്ചു. ആരുമില്ലാത്ത ആൾക്കാർക്ക് ദൈവത്തിന്റെ പ്രതീകമായി ആരെങ്കിലും തുണയാകുമെന്ന് പറയുന്നത് ശരിയാണെന്ന് ഈതിലൂടെ മനസ്സിലാക്കാം. അങ്ങനെ പല അനാഥക്കുട്ടികൾക്ക് അവളുടെ പുസ്തകം ഒരു പ്രചോദനമായി മാറി. ഈപ്പോൾ അവളുടെ മനസ്സിൽ സന്തോഷം തുളുമ്പുന്ന ഓർമ്മകൾ മാത്രം. അവളുടെ കുഞ്ഞിലേമുതലുള്ള ആഗ്രഹമായിരുന്നു ഒരു അധ്യാപികയാവുകയെന്നത്. അത് സഫലമായതുകൊണ്ട് അവൾ സന്തുഷ്ടയാണ്.**

**"നമ്മുടെ ലക്ഷ്യം ശക്തമാണെങ്കിൽ ,മനസ്സിൽ നന്മയുണ്ടെങ്കിൽ, നന്മചെയ്യാൻ മനസ്സുണ്ടെങ്കിൽ ഈ ലോകം മുഴുവൻ നമ്മുടെ കൂടെയുണ്ടാകും. അത് സത്യമാണ്."**

# അസ്തമിക്കുന്ന സൂര്യൻ

" ആദ്യമായി ഗോവണിപ്പടികൾ കണ്ടപ്പോൾ ഉറച്ച തീരുമാനമെടുത്തതാണ്. ഇതിൽ ഒരിക്കലും വഴുതിവീഴില്ലെന്ന്. ഓരോ പടികൾ കയറും തോറും പ്രതീക്ഷകൾ കൂടിക്കൂടി വന്നു. പക്ഷെ ,ഒടുവിൽ. അവസാനത്തെ പടിയിൽ കാൽവഴുതി. നേരെ താഴേക്ക്. ഇപ്പോൾ ഇവിടെ ഒന്നും തിരിച്ചുപിടിക്കാനാവാതെ."

അയാൾ അവളുടെ മുഖത്തേക്ക് നോക്കി. ആ മുഖത്ത് ഇപ്പോഴുള്ള ഭാവം എന്താണെന്ന് അയാൾക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല.

"എന്തുപറ്റി വിസ്മയ? ഒരിക്കൽ ലോകം അറിയപ്പെട്ടിരുന്ന ഒരു എഴുത്തുകാരി ഇന്ന് ഈ നിലയിൽ?നിന്റെ ജീവിതത്തിന് എന്താണ് സംഭവിച്ചത്?"

ഉം. എഴുത്തുകാരി. അതെ അതുതന്നെയായിരിക്കാം എന്നെ ഈ നിലയിൽ എത്തിച്ചതും. എല്ലാറ്റിനും അടിസ്ഥാനം അമ്മയാണ്.

അയാൾ അവളുടെ തിളക്കമില്ലാത്ത കണ്ണുകളിലേക്ക് നോക്കിക്കൊണ്ട് ചോദിച്ചു. അമ്മയോ?

അതെ അമ്മതന്നെ ജോൺ. അമ്മയെ സ്നേഹിക്കാത്ത എഴുത്തുകാരിയെപ്പറ്റി കേട്ടിട്ടുണ്ടോ?

അതെ ഞാൻ തന്നെ. അവരെ ഞാൻ ഒരിക്കലും സ്നേഹിച്ചിരുന്നില്ല. അമ്മ സ്നേഹത്തോടെ വച്ചുനീട്ടിയതെല്ലാം ഞാൻ തട്ടിത്തെറിപ്പിക്കുകയായിരുന്നു. അവർ സ്നേഹത്തോടെ പറഞ്ഞ വാക്കുകളെല്ലാം അവഗണിക്കുകയായിരുന്നു. ഒരിക്കലും അമ്മ എന്നെ തല്ലിയിട്ടില്ല. ഉപദേശിച്ചിട്ടുമില്ല. പക്ഷെ അമ്മയുടെ കണ്ണുകളെല്ലാം പറയുന്നുണ്ടായിരുന്നു. അതുപോലും ഞാൻ മനസ്സിലാക്കിയില്ല.

തെറ്റായമാർഗ്ഗത്തിലൂടെയാണ് ഞാൻ ജീവിച്ചിരുന്നത്. ഞാൻ ആരെയും ആത്മാർഥമായി സ്നേഹിച്ചിട്ടില്ല. ഇതൊക്കെ വയ്കിയാണെനിക്ക് മനസ്സിലായത്. ചെയ്തുകൊണ്ടിരുന്ന ബിസിനസ്സിൽ തകർച്ച വന്നപ്പോൾ തറവാട്ടിലേക്ക് പോയി. അമ്മയെ കണ്ടു വീട് വിറ്റു. അമ്മയോട് കാര്യങ്ങളൊക്കെ പറഞ്ഞപ്പോൾ സന്തോഷത്തോടെ അമ്മ സമ്മതിച്ചു. പക്ഷെ അനിയനുരങ്ഹുന്ന മണ്ണുവിട്ട് അമ്മ ഒരിക്കലും പോവാൻ തയ്യാറായിരുന്നില്ല. ഞാൻ അമ്മയെ കൂടെവരാൻ വിളിച്ചില്ല. അപ്പോൾ എന്റെ സന്തോഷം മാത്രമായിരുന്നു എനിക്ക് വല്യത്. ഭർത്താവുപേക്ഷിച്ചിട്ടുപോയ ആ സ്ത്രീയെ ഒരിക്കലു ഞാൻ സമാധാനിപ്പിച്ചിട്ടില്ല. തറവാട് ഉടമസ്ഥന് കൈമാറി കാശുമായി പടിയിറങ്ങിയപ്പോൾ അമ്മ പറമ്പിൽ അനിയനുറങ്ങുന്ന മണ്ണിൽ ബലിഷ്ഠമായ കൈകൾ വച്ചിരിക്കുന്നത് കണ്ട് പുച്ഛത്തോടെ ഞാൻ തിരികെപ്പോന്നു. ആ മാതൃത്വത്തെ തള്ളിപ്പറഞ്ഞതിനാലാണ് ജോൺ ഞാനിന്നീ കാൻസർ വാർഡിൽ കഴിയുന്നത്.

അവളുടെ വിളറിയ ശരീരത്തിലേക്ക് നോക്കിക്കൊണ്ട് ജോൺ പറഞ്ഞു. തളർന്നുപോകരുത് വിസ്മയ. കാൻസറിനിപ്പോൾ ഉയർന്ന ചികിത്സയാണ് കണ്ടുവരുന്നത്.

അത് ഞാൻ നിഷേധിക്കുന്നില്ല. ഇത് മൂന്നാം ഘട്ടമാണ്. നാളെ ഡിസ്ചാർജ്ജ് തരാമെന്ന് ഡോക്ടർ പറയുന്നു.

എനിക്ക്നിന്നെ എങ്ങനെ സമാധാനിപ്പിക്കണമെന്ന് അറിയില്ല വിസ്മയ. അമ്മയെ കാണണമെന്ന് തോന്നുന്നുണ്ടോ?

ങും. അമ്മയുടെ കൈയ്യിൽ നിന്നും ഒരുരുള ചോറ് വാങ്ങിക്കഴിക്കാൻ തോന്നുന്നു. എന്റെ അവസാനത്തെ ആഗ്രഹം.

ഞാൻ കൊണ്ടുവരാം. നിനക്കുവേണ്ടി ഈ സുഹൃത്തിന് അതുമാത്രമേ ചെയ്യാനാകൂ.

കഴിയില്ല ജോൺ. ഒരു വർഷം മുൻപ് അമ്മ മരിച്ചു. ശവസംസ്കാരച്ചടങ്ങിനുപോലും ഞാൻ പോയില്ല. ഈ അഹങ്കാരിയായ മകളുടെ സാന്നിധ്യം എന്തിനാണ്?

ജോൺ സ്റ്റൂളിൽനിന്നെഴുന്നേറ്റു. അവളുചെ മുഖത്തേയ്ക്ക് നോക്കി.

ജോൺ പോവുകയാണോ,പൊയ്ക്കോളൂ. അവസാനമായി കാണാൻ സാധിച്ചതിൽ സന്തോഷം. എനിക്കിനി എത്ര ദിവസമെന്നറിയില്ല.

ജോൺ അവളുടെ മുഖത്തേക്ക് നോക്കിയില്ല. ആർ.സി.സി പടിയിറങ്ങിയപ്പോൾഅയാൾ ഒരു ഉറച്ച തീരുമാനമെടുത്തു.

വൃദ്ധസദനത്തിൽ നിന്ന് അമ്മയെ കൂട്ടിക്കൊണ്ടുവരാൻ......




Daya M D 9 D



Aiswarya M S









Asiya S Shyju 9 G



Asiya S Shyju 9G




Trees are
gift of
GOD....
Diya MD
9 D


By
Paarvathy.M.S
IX.D


CINDERELLA
By
NandhanaSaju
IX-D


നന്ദി